കവർസ്റ്റോറി

## പതിനഞ്ചാം ലോക്സഭയിൽ

# ഇടതു-മതേതര കക്ഷികളുടെ സമ്മർദശേഷി ശക്തിപ്പെടണം

**പതിനഞ്ചാം ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ കേരളത്തിൽ പ്രസ്ഥാനത്തിന്റെ നിലപാടുകളെക്കുറിച്ച് ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന അധ്യക്ഷൻ ടി. ആരിഫലി *പ്രബോധന*ത്തോട് സംസാരിക്കുന്നു**



■ *ലോക്സഭാ തെരഞ്ഞെടുപ്പിലെ ജമാഅത്തിന്റെ നയം പ്രഖ്യാപിച്ചു കഴിഞ്ഞു. ഇത്തവണയും ഇടതുപക്ഷത്തിനാണ് ജമാഅത്ത് പ്രഥമ പരിഗണന നൽകിയിരിക്കുന്നത്. ഈ നിലപാടിന്റെ അടിസ്ഥാനങ്ങളെന്തൊക്കെയാണ്?*

മൂന്ന് പ്രധാന ദേശീയ കാഴ്ചപ്പാടുകളിൽനിന്നുകൊണ്ടാണ് ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര നേതൃത്വം ഇത്തവണത്തെ ലോക്സഭാ തെരഞ്ഞെടുപ്പിനെ സമീപിച്ചിരിക്കുന്നത്. ബി.ജെ.പി നേതൃത്വത്തിലുള്ള എൻ.ഡി.എ സഖ്യം അധികാരത്തിൽ വരാതിരിക്കാനുള്ള അടവുകളും തന്ത്രങ്ങളും നയസമീപനങ്ങളും സ്വീകരിക്കുക എന്നതാണ് പ്രധാനം. എൻ.ഡി.എക്കെതിരെ മതേതര സ്ഥാനാർഥികളെ വിജയിപ്പിക്കുക; തദാവശ്യാർഥം മതേതര വോട്ടുകൾ ഏകീകരിക്കാനുള്ള പരിശ്രമങ്ങൾ നടത്തുക എന്നതാണ് ദേശീയ തലത്തിൽ ജമാഅത്തിന്റെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ മുഖ്യ ഊന്നൽ. ബി.ജെ.പിയോടുള്ള അന്ധമായ വിരോധത്തിന്റെ പേരിലല്ല ജമാഅത്ത് ഈ സമീപനം സ്വീകരിക്കുന്നത്. ബി.ജെ.പി മുന്നണി ഇനിയും ഭരണത്തിൽ തിരിച്ചെത്തുകയാണെങ്കിൽ അത് മൊത്തം രാജ്യത്തിനു തന്നെ അപകടകരമായിരിക്കുമെന്ന് ജമാഅത്ത് വിശ്വസിക്കുന്നു. രാജ്യത്തെ സൈ്വര്യവും സാമൂഹിക ഐക്യവും അവർ തകർക്കും. അതിനാൽ എൻ.ഡി.എയെ ഭരണത്തിൽ നിന്ന് അകറ്റിനിർത്താനുള്ള ശ്രമങ്ങൾ മഹത്തായ ഒരു ദേശീയ കടമയാണെന്ന് ജമാഅത്ത് കരുതുന്നു. രാജ്യത്തെ സ്നേഹിക്കുന്ന മുഴുവൻ ജനങ്ങളും ഈ കടമ നിർവഹിക്കണമെന്നാണ് ജമാഅത്ത് ആശിക്കുന്നത്.

**ബി.ജെ.പി നേതൃത്വത്തിലുള്ള എൻ.ഡി.എ സഖ്യം അധികാരത്തിൽ വരാതിരിക്കാനുള്ള അടവുകളും തന്ത്രങ്ങളും നയസമീപനങ്ങളും സ്വീകരിക്കുക എന്നതാണ് ജമാഅത്തിന്റെ തെരഞ്ഞടുപ്പ് നയത്തിൽ പ്രധാനം. എൻ.ഡി.എക്കെതിരെ മതേതര സ്ഥാനാർഥികളെ വിജയിപ്പിക്കുക; തദാവശ്യാർഥം മതേതര വോട്ടുകൾ ഏകീകരിക്കാനുള്ള പരിശ്രമങ്ങൾ നടത്തുക എന്നതാണ് ദേശീയ തലത്തിൽ ജമാഅത്തിന്റെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ മുഖ്യ ഊന്നൽ.**

എൻ.ഡി.എ അപ്രസക്തമായ സ്ഥലങ്ങളിൽ കോൺഗ്രസ് ഇതര മതേതര കക്ഷികൾക്കും ഇടതുപക്ഷത്തിനും മുൻതൂക്കം നൽകുന്ന സമീപനം സ്വീക

രിക്കുക എന്നതാണ് ജമാഅത്ത് ദേശീയ തെരഞ്ഞെടുപ്പ് നയത്തിലെ രണ്ടാമത്തെ അടിസ്ഥാനം. ന്യൂനപക്ഷ സമൂഹങ്ങളുടെ പ്രശ്നങ്ങളിൽ പ്രത്യേക ശ്രദ്ധ കൊടുക്കുന്ന വ്യക്തികളുടെയും സംഘങ്ങളുടെയും പാർലമെന്റിലെ പ്രാതിനിധ്യം വർധിപ്പിക്കുക എന്നതാണ് ദേശീയ നയത്തിലെ മൂന്നാമത്തെ ഘടകം. ഈ അടിസ്ഥാനങ്ങളിൽ നിന്നുകൊണ്ടാണ് കേരളത്തിലെ തെരഞ്ഞെടുപ്പിലും ജമാഅത്ത് ഇടപെടുന്നതും പിന്തുണ നൽകുന്നതും.

■ *കോൺഗ്രസ് ഇതര മതേതര കക്ഷികൾക്കും ഇടതുപക്ഷത്തിനും പരിഗണന നൽകാൻ ജമാഅത്ത് കാണുന്ന ന്യായങ്ങളെന്താണ്?*

വരുന്ന ലോക്സഭ എങ്ങനെയായിരിക്കണമെന്നതിനെക്കുറിച്ച് ജമാഅത്തിന് വ്യക്തമായ കാഴ്ചപ്പാടുകളും സ്വപ്നങ്ങളുമുണ്ട്. അത് എൻ.ഡി.എക്ക് പ്രാമുഖ്യം കിട്ടുന്ന ഒന്നാകരുത് എന്നതാണ് അതിൽ പ്രധാനം. അതിന്റെ കാരണങ്ങൾ ഞാൻ വിശദീകരിച്ചു. അതേ സമയം, കോൺഗ്രസിന് സ്വന്തമായ നിലക്ക് ഭൂരിപക്ഷം കിട്ടുന്ന അവസ്ഥയും ഉണ്ടാകരുത് എന്ന് ജമാഅത്ത് ആഗ്രഹിക്കുന്നു. കോൺഗ്രസിനെ സമ്മർദത്തിലാക്കാനും നിയന്ത്രിക്കാനും കഴിയുന്ന മതേതര- ഇടതുകക്ഷികളുടെ പ്രാതിനിധ്യം ലോക്സഭയിൽ വർധിക്കണമെന്നാണ് ജമാഅത്ത് ആഗ്രഹിക്കുന്നത്. വിവിധ പ്രാദേശിക, മതേതര കക്ഷികളുടെ പ്രാതിനിധ്യവും ലോക്സഭയിലുണ്ടാവണം. അങ്ങനെ ഒരേസമയം ഇന്ത്യയുടെ വൈവിധ്യങ്ങളെ പ്രതിനിധീകരിക്കുന്നതും എന്നാൽ കോൺഗ്രസിനെ പോലുള്ള കക്ഷിക്ക് ഒറ്റക്ക് അവരുടെ അജണ്ടകൾ നടപ്പിലാക്കാൻ കഴിയാത്തതുമായ സന്തുലിത അധികാരഘടന രൂപപ്പെട്ടുവരണമെന്നാണ് നമ്മുടെ ആഗ്രഹം.

■ *കഴിഞ്ഞ യു.പി.എ സംവിധാനം ആ അർഥത്തിലുള്ള ഒന്നായിരുന്നല്ലോ. ആ സംവിധാനത്തിൽ ജമാഅത്ത് തൃപ്തരാണ് എന്നർഥം?*

യു.പി.എ തീർത്തും വ്യത്യസ്തമായ ഒരു പരീക്ഷണമായിരുന്നു. വ്യത്യസ്ത സ്വഭാവത്തിലുള്ള കക്ഷികളുടെ അപൂർവമായ ഒരു മുന്നണി. അത് അതിന്റേതായ നന്മകൾ രാജ്യത്തിന് നൽകിയിട്ടുണ്ട്. ഇടതുപക്ഷത്തിന്റെ പുറത്തുനിന്നുള്ള പിന്തുണയോടു കൂടിയാണ് യു.പി.എ നിലനിന്നു പോന്നത്. കോൺഗ്രസ് ഉദ്ദേശിക്കുന്ന പല നയപരിപാടികളും നടപ്പിലാക്കുന്നതിൽനിന്ന് അവരെ തടയാൻ ഒരു പരിധിവരെ ഇടതുപക്ഷത്തിന്റെ സാന്നിധ്യം കൊണ്ട് സാധിച്ചിട്ടുണ്ട്. അങ്ങനെയൊരു കോമ്പിനേഷൻ രൂപപ്പെടുത്തുന്നതിൽ ജമാഅത്തിന്റെ സമീപനങ്ങളും അതിന്റേതായ പങ്കുവഹിച്ചിട്ടുണ്ടെന്നാണ് ഞങ്ങൾ വിലയിരുത്തുന്നത്.

■ *കോൺഗ്രസിനോട് ഈ തരത്തിൽ ശത്രുതാപരമായ നിലപാട് സ്വീകരിക്കാൻ എന്താണ് ജമാഅത്തിനെ പ്രേരിപ്പിക്കുന്നത്?*

ജമാഅത്തിന് ആരോടും ശത്രുതാ നിലപാട് ഇല്ല. എന്നാൽ കോൺഗ്രസിന്റെ അടുത്ത കാലത്തെ പല സമീപനങ്ങളും രാജ്യത്തിന്റെ പൊതുവായ നന്മക്ക് ഉതകുന്നതല്ല എന്നാണ് ജമാഅത്തിന്റെ സുചിന്തിതമായ വിലയിരുത്തൽ. തൊണ്ണൂറുകൾക്ക് ശേഷം കോൺഗ്രസ് ആകെ മാറിപ്പോയി. സുദൃഢമായ പഴയ മതേതര നിലപാടുകളിൽ അയവു വന്നു തുടങ്ങി. മൃദുഹിന്ദുത്വം എന്ന പദം തന്നെ രൂപപ്പെട്ടത് കോൺഗ്രിസിന്റെ പുതിയ സമീപനങ്ങളുമായി ബന്ധപ്പെട്ടാണ്. അന്തർദേശീയ തലത്തിൽ അഭിമാനകരമായ ചേരിചേരാ നയം ഉയർത്തിപ്പിടിച്ച രാജ്യമായിരുന്നു നമ്മുടേത്. ലോകത്തെ എല്ലാ വിമോചന സമരങ്ങളെയും പിന്തുണക്കുകയും സാമ്രാജ്യത്വ നീക്കങ്ങളെ തുറന്നെതിർക്കുകയും ചെയ്തിരുന്ന നയങ്ങളിൽനിന്ന് കോൺഗ്രസ് പിന്നാക്കം പോയി. രാജ്യത്തെ സാമ്രാജ്യത്വ ശക്തികൾക്ക് അടിയറവെക്കുന്ന സമീപനങ്ങളുണ്ടായി. ഇസ്രയേൽ, അമേരിക്ക പോലുള്ള ഭീകര ശക്തികൾക്ക് മുമ്പിൽ തലകുനിച്ചു നിൽക്കുന്ന അഭിമാനമില്ലാത്ത ഒരു ദേശമായി നമ്മുടെ നാടിനെ മാറ്റുന്ന തരത്തിലായിരുന്നു കോൺഗ്രസ്സിന്റെ സമീപനങ്ങൾ. സാമ്പത്തിക രംഗത്ത് രാജ്യത്തെ സാധാരണക്കാരായ മഹാഭൂരിപക്ഷത്തിന്റെ താൽപര്യങ്ങൾക്ക് വിരുദ്ധമായ നയങ്ങൾ ആവേശത്തോടെ നടപ്പിലാക്കാൻ തുടങ്ങി. ജനങ്ങളെക്കാൾ കോർപറേറ്റ് ഭീമന്മാരെ പരിഗണിക്കുന്ന സമീപനമാണ് മൻമോഹൻ സിംഗും ചിദംബരവും എല്ലാം സ്വീകരിച്ചത്. എന്നാൽ ഈ വിഷയങ്ങളിൽ അവർ ഉദ്ദേശിച്ചതുപോലെ പോവാൻ അവർക്ക് സാധിച്ചില്ല. ഇടതുപക്ഷത്തിന്റെ ശക്തമായ സമ്മർദം അതിൽ വലിയൊരു ഘടകമാണെന്ന് ജമാഅത്ത് വിശ്വസിക്കുന്നു. പുതിയ പാർലമെന്റിലും അവർക്ക് അത്തരമൊരു സമ്മർദ ശക്തിയായി തുടരാൻ സാധിക്കണം എന്നാണ് നമ്മുടെ ആഗ്രഹം. രാജ്യത്തിന്റെ പൊതുവായ നന്മ ആഗ്രഹിക്കുന്ന എല്ലാവരും ഈ ചിന്ത പങ്കുവെക്കുന്നുണ്ട്.

■ *കേരളത്തിലെ ഇടതുപക്ഷ ഭരണത്തിന്റെ വിലയിരുത്തൽ കൂടിയായിരിക്കും ഈ തെരഞ്ഞെടുപ്പ് എന്ന് മുഖ്യമന്ത്രിയും പാർട്ടി സെക്രട്ടറിയും പ്രഖ്യാപിച്ചു കഴിഞ്ഞു. അപ്പോൾ ജമാഅത്ത് ഇടതുപക്ഷത്തിന് പിന്തുണ നൽകുമ്പോൾ ഈ ഭരണത്തെയും നിലപാടുകളെയും അറിഞ്ഞംഗീകരിക്കുന്നു എന്നല്ലേ അതിന്റെ മറ്റൊരർഥം? കേരളത്തിലെ ഇടതുഭരണത്തിന്റെ നടപടികളിൽ ജമാഅത്ത് തൃപ്തരാണോ?*

കേരളത്തിലെ ഇടതു ഭരണത്തിന്റെ വിലയിരുത്തലാണ് ഈ തെരഞ്ഞെടുപ്പെന്ന് സി.പി.എം നേതൃത്വവും മുഖ്യമന്ത്രിയും പ്രഖ്യാപിച്ചുവെന്നത് ശരി തന്നെ. എന്നാൽ വ്യക്തമായ ദേശീയ നയത്തിന്റെ അടിസ്ഥാനത്തിലാണ് ജമാഅത്ത് ഈ തെരഞ്ഞെടുപ്പിനെ സമീപിക്കുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ചല്ലോ; വരുന്ന ലോക്സഭ എങ്ങനെയായിരിക്കണമെന്നതിനെക്കുറിച്ച് ജമാഅത്ത് ദേശീയ നേതൃത്വത്തിന് വ്യക്തമായ കാഴ്ചപ്പാടുണ്ട്. അതിനനുസൃതമായി കേരളത്തിലെ തെരഞ്ഞെടുപ്പിനെ സമീപിക്കുകയെന്നതാണ് ഞങ്ങളുടെ

**അന്തർദേശീയ തലത്തിൽ അഭിമാനകരമായ ചേരിചേരാ നയം ഉയർത്തിപ്പിടിച്ച രാജ്യമായിരുന്നു നമ്മുടേത്. ലോകത്തെ എല്ലാ വിമോചന സമരങ്ങളെയും പിന്തുണക്കുകയും സാമ്രാജ്യത്വ നീക്കങ്ങളെ തുറന്നെതിർക്കുകയും ചെയ്തിരുന്ന നയങ്ങളിൽനിന്ന് കോൺഗ്രസ് പിന്നാക്കം പോയി. രാജ്യത്തെ സാമ്രാജ്യത്വ ശക്തികൾക്ക് അടിയറവെക്കുന്ന സമീപനങ്ങളുണ്ടായി. ഇസ്രയേൽ, അമേരിക്ക പോലുള്ള ഭീകര ശക്തികൾക്ക് മുമ്പിൽ തലകുനിച്ചു നിൽക്കുന്ന അഭിമാനമില്ലാത്ത ഒരു ദേശമായി നമ്മുടെ നാടിനെ മാറ്റുന്ന തരത്തിലായിരുന്നു കോൺഗ്രസ്സിന്റെ സമീപനങ്ങൾ.**

ചുമതല. ലോക്സഭയിൽ ഇടതുപക്ഷത്തിന്റെ സമ്മർദ ശക്തി വർധിപ്പിക്കണം എന്നതാണ് ആ നയം. അതിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾ ഇടതുപക്ഷത്തെ പിന്തുണക്കുന്നത്. കേരള ഭരണത്തിന്റെ വിലയിരുത്തലും തെരഞ്ഞെടുപ്പിൽ നടക്കുമെന്നത് സ്വാഭാവികമാണ്. വോട്ടർമാർ ആ കാര്യത്തിൽ വലിയ ശ്രദ്ധ കൊടുക്കും.

കേരള ഭരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ ജമാഅത്ത് നയം സമയാസമയങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രതീക്ഷക്കൊത്തുയരാൻ സർക്കാരിന് സാധിച്ചിട്ടില്ല എന്നത് ശരിയാണ്. പ്രത്യേകിച്ച് വിദ്യാഭ്യാസം പോലുള്ള വകുപ്പുകളിൽ സർക്കാർ ഗംഭീരമായി പരാജയപ്പെട്ടിട്ടുണ്ട്. സംവരണം, ന്യൂനപക്ഷ വിദ്യാഭ്യാസം പോലുള്ള കാര്യങ്ങളിൽ സർക്കാർ ഇനിയും ആത്മാർഥതയും നിശ്ചയദാർഢ്യവും കാണിക്കേണ്ടതുണ്ട്. എന്നാൽ സർക്കാർ സമ്പൂർണ പരാജയമാണെന്ന പ്രതിപക്ഷ പല്ലവി ഏറ്റെടുക്കാനും ജമാഅത്ത് സന്നദ്ധമല്ല. എന്നാൽ ഇനിയുള്ള കാലം അൽപം കൂടി ഉണർന്നു പ്രവർത്തിക്കാനും കാര്യക്ഷമത കാണിക്കാനും വി.എസ് സർക്കാർ പരിശ്രമിച്ചേ പറ്റൂ എന്നതു തന്നെയാണ് ജമാഅത്ത് നിലപാട്.

■ *മുസ്‌ലിംകൾക്കിടയിൽ നുഴഞ്ഞുകയറി പാർട്ടി വളർത്തുക എന്നത് സി.പി.എമ്മിന്റെ പുതിയ നയമാണ്. അത് അവർ കാര്യമായി നടപ്പിലാക്കുന്നുമുണ്ട്. മലബാറിൽ ഈ വിഷയത്തിൽ അവർ പ്രത്യേക ശ്രദ്ധ കൊടുക്കുകയും ചെയ്യുന്നു. അവരുടെ ഈ അജണ്ടക്ക് ബലം നൽകുന്നതാണ് ജമാഅത്തിന്റെ ഇടത് അനുകൂല രാഷ്ട്രീയ നിലപാടുകൾ എന്ന വിമർശനം നിലനിൽക്കുന്നുണ്ട്. അതിനോട് എങ്ങനെ പ്രതികരിക്കുന്നു.*

എല്ലാ പാർട്ടികൾക്കും അവരുടെ പാർട്ടി വികസിപ്പിക്കണം എന്ന അജണ്ടയുണ്ടാവും. ശക്തമായ ഒരു കേഡർ പ്രസ്ഥാനം എന്ന നിലക്ക് സി.പി.എം ഇക്കാര്യം മറ്റു പലരെക്കാളും മിടുക്കോടെ നിർവഹിക്കുന്നുമുണ്ടാകും. മലബാറിലെ മുസ്‌ലിം കേന്ദ്രങ്ങളിൽ സി.പി.എം നുഴഞ്ഞു കയറുന്നു എന്നതിലും ശരിയുണ്ട്. എന്നാൽ ജമാഅത്തിന്റെ രാഷ്ട്രീയ നിലപാടാണ് അതിന് കാരണം എന്നു പറയുന്നത് തെറ്റായ വിശകലനമാണ്. യഥാർഥത്തിൽ മുസ്‌ലിം ലീഗിന്റെ ജീർണതയും ദൗർബല്യങ്ങളുമാണ് മുസ്‌ലിം കേന്ദ്രങ്ങളിൽ

**വയനാട്, പൊന്നാനി മണ്ഡലങ്ങളിൽ യഥാക്രമം കോൺഗ്രസ് ബാനറിൽ മത്സരിക്കുന്ന എം.ഐ ഷാനവാസിനെയും മുസ്‌ലിം ലീഗ് സ്ഥാനാർഥിയായ ഇ.ടി മുഹമ്മദ് ബഷീറിനെയുമാണ് പിന്തുണക്കുന്നത്. ന്യൂനപക്ഷ വിഷയങ്ങളിൽ പ്രത്യേക പരിഗണന നൽകുന്ന വ്യക്തികളുടെയും സംഘങ്ങളുടെയും ലോക്സഭാ പ്രാതിനിധ്യം വർധിപ്പിക്കുക എന്നതും ജമാഅത്ത് ദേശീയ നയത്തിന്റെ ഭാഗമാണ്.**

സി.പി.എമ്മിന് സാധ്യത ഉണ്ടാക്കിക്കൊടുക്കുന്നത്. രണ്ടർഥത്തിലാണ് മുസ്‌ലിം ലീഗിന് കാലിടറുന്നത്. ഒന്ന്; പുതിയ കാലത്തെ സമവാക്യങ്ങളും രാഷ്ട്രീയ വികാസങ്ങളും മനസ്സിലാക്കാൻ ലീഗ് നേതൃത്വത്തിന് കഴിയാതെ പോവുന്നു. ദേശീയ അന്തർദേശീയ സംഭവവികാസങ്ങളെ നോക്കിക്കാണാനും ശരിയായ അർഥത്തിൽ വിശകലനം ചെയ്യാനും നിലപാടുകളെടുക്കാനും അവർക്ക് കഴിയുന്നില്ല. വിദ്യാസമ്പന്നരായ മുസ്‌ലിം ചെറുപ്പക്കാരാവട്ടെ ഇക്കാര്യങ്ങളെക്കുറിച്ചെല്ലാം അങ്ങേയറ്റം ബോധവാന്മാരാണ്. അവരുടെ പ്രതീക്ഷക്കും ചിന്തക്കും ഒത്തുയരാൻ ലീഗ് നിലപാടുകൾക്ക് സാധിക്കുന്നില്ല. അങ്ങനെ വിദ്യാസമ്പന്നരായ പുതുതലമുറയെ ലീഗിന് നഷ്ടപ്പെടുന്ന അവസ്ഥ വന്നു ചേർന്നു. കോൺഗ്രസുമായുള്ള മുസ്‌ലിം ലീഗിന്റെ മുന്നണി ബന്ധം മിനിമം പരിപാടികളുടെ അടിസ്ഥാനത്തിലുള്ള രാഷ്ട്രീയ നിലപാട് എന്നതിലപ്പുറം കോൺഗ്രസിനുള്ള ദാസ്യവേലയായി മാറുന്ന അവസ്ഥയും വന്നു ചേർന്നു. കോൺഗ്രസിന്റെ ദുഷ്ചെയ്തികളെ ന്യായീകരിക്കുന്ന സംഘമായി മുസ്‌ലിം ലീഗ് അധഃപതിക്കുന്നുവെന്ന വിമർശനം മുസ്‌ലിംകൾക്കിടയിലുണ്ട്. കോൺഗ്രസിൽ നിന്ന് അർഹമായ പരിഗണന നേടിയെടുക്കാൻ ലീഗിന് സാധിക്കാതെ പോയതും മുസ്‌ലിം ചെറുപ്പക്കാരെ അതിൽനിന്ന് അകറ്റിക്കൊണ്ടിരിക്കുകയാണ്.

അതേ സമയം, നാട്ടിൻപുറങ്ങളിലും പ്രാദേശിക തലങ്ങളിലും സ്ഥലത്തെ പ്രധാനികളും പ്രമാണിമാരുമാണ് ലീഗിന്റെ നേതൃത്വത്തിലുള്ളത്. സാമൂഹികമായും കുടുംബപരമായും പിന്നാക്കമായ സാധാരണക്കാരായ ആളുകളെ കൂടെ നിർത്താൻ അവർക്കായില്ല. ലീഗ് നിയന്ത്രണത്തിലുള്ള മഹല്ല് കമ്മിറ്റികളാകട്ടെ, സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾക്കോ ദാരിദ്ര്യനിർമാർജന യത്നങ്ങൾക്കോ ശ്രദ്ധ കൊടുത്തില്ല. അങ്ങനെ മാറ്റിനിർത്തപ്പെട്ട വലിയൊരു കൂട്ടം മുസ്‌ലിം കേന്ദ്രങ്ങളിലുണ്ട്. അവരെയാണ് സി.പി.എം ടാർഗറ്റ് ചെയ്യുന്നത്. മലപ്പുറത്തെ ഗ്രാമങ്ങളിലും തീരപ്രദേശങ്ങളിലും ഇതാണ് സംഭവിക്കുന്നത്. ഇത് മുസ്‌ലിം ലീഗിന്റെയും പരമ്പരാഗത മത/മഹല്ല് നേതൃത്വത്തിന്റെയും പരാജയമാണ് കാണിക്കുന്നത്. ജമാഅത്തിന്റെ രാഷ്ട്രീയ നയവും അതും തമ്മിൽ ബന്ധമില്ല. നിരാശരായ മുസ്‌ലിം ചെറുപ്പക്കാർക്ക് രാഷ്ട്രീയ ദിശാബോധം പകരുകയാണ് ജമാഅത്ത് നിലപാടിലൂടെ സംഭവിക്കുന്നത്.

■ *രണ്ട് മണ്ഡലങ്ങളിൽ യു.ഡി.എഫിനെ പിന്തുണക്കാനും ജമാഅത്ത് തീരുമാനിച്ചിരിക്കുന്നു. നേരത്തെ പറഞ്ഞ പൊതുവായ രാഷ്ട്രീയ നിലപാട് ഇവിടെ ബാധകമല്ലെന്നാണോ?*

വയനാട്, പൊന്നാനി മണ്ഡലങ്ങളിൽ യഥാക്രമം കോൺഗ്രസ് ബാനറിൽ മത്സരിക്കുന്ന എം.ഐ ഷാനവാസിനെയും മുസ്‌ലിം ലീഗ് സ്ഥാനാർഥിയായ ഇ.ടി മുഹമ്മദ് ബഷീറിനെയുമാണ് പിന്തുണക്കുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ചത് പോലെയാണിത്. ന്യൂനപക്ഷ വിഷയങ്ങളിൽ പ്രത്യേക പരിഗണന നൽകുന്ന വ്യക്തികളുടെയും സംഘങ്ങളുടെയും ലോക്സഭാ പ്രാതിനിധ്യം വർധിപ്പിക്കുക എന്നതും ജമാഅത്ത് ദേശീയ നയത്തിന്റെ ഭാഗമാണ്. സച്ചാർ കമീഷൻ റിപ്പോർട്ടും ഈ അർഥത്തിലുള്ള നിർദേശങ്ങൾ മുന്നോട്ട് വെച്ചിട്ടുണ്ട്. നയരൂപീകരണ സമിതികളിൽ മുസ്‌ലിം പ്രാതിനിധ്യം കുറയുന്നതിനെക്കുറിച്ച് സച്ചാർ കമ്മിറ്റി ഉത്കണ്ഠപ്പെടുന്നുണ്ട്. പ്രാപ്തരും കഴിവുറ്റവരുമായ മുസ്‌ലിം പ്രതിനിധികൾ സഭയിൽ എത്തണം എന്നാണ് ജമാഅത്ത് ആഗ്രഹിക്കുന്നത്. ആ അർഥത്തിൽ പൊന്നാനിയിൽ നിന്നും വയനാട്ടിൽ നിന്നും മത്സരിക്കുന്നവരിൽ ഈ വിഷയത്തിൽ മികച്ചു നിൽക്കുന്നവരെയാണ് ജമാഅത്ത് പിന്തുണച്ചിരിക്കുന്നത്.

■ *ഇത് ഒരുതരം സങ്കുചിത സാമുദായിക സമീപനമായി വ്യാഖ്യാനിക്കപ്പെട്ടുകൂടേ? ജമാഅത്തിന്റെ പതിവിൽ പെടാത്ത ഒരു നിലപാടായി ഇത് അനുഭവപ്പെടുന്നു?*

സങ്കുചിതമായ സാമുദായിക സമീപ

നങ്ങൾ സ്വീകരിക്കാൻ ജമാഅത്തിന് കഴിയില്ല. നോക്കൂ, പൊന്നാനിയിലും വയനാട്ടിലും മത്സരിക്കുന്ന ഇരുമുന്നണി സ്ഥാനാർഥികളും മുസ്‌ലിംകളാണ്. അവരിൽ ഏറ്റവും മികച്ചവർ ആര് എന്ന തെരഞ്ഞെടുപ്പാണ് ജമാഅത്ത് നടത്തിയിരിക്കുന്നത്. സച്ചാർ കമീഷൻ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ മുസ്‌ലിംകളുമായി ബന്ധപ്പെട്ട അടിസ്ഥാന പ്രശ്നങ്ങൾ സഭയിൽ ഉയർത്തിക്കൊണ്ടുവരാൻ പറ്റുന്ന ഏറ്റവും മികച്ച സ്ഥാനാർഥിയെ പിന്തുണക്കുക എന്ന സമീപനമാണ് ഞങ്ങൾ സ്വീകരിച്ചിരിക്കുന്നത്.

■ *എങ്കിൽ ഇതേ മാനദണ്ഡം വെച്ച് മലപ്പുറത്ത് ഇ. അഹ്മദിനെ പിന്തുണക്കാമായിരുന്നില്ലേ?*

മുസ്‌ലിം ലീഗിന്റെ സ്ഥാനാർഥിയാണ് ഇ. അഹ്മദ് എന്നത് ഔദ്യോഗികമായി ശരിയാണ്. എന്നാൽ പലപ്പോഴും മുസ്‌ലിം ലീഗ് രാഷ്ട്രീയത്തെ തന്നെ തുരങ്കം വെക്കുന്ന സാമ്രാജ്യത്വ അനുകൂല സമീപനങ്ങളാണ് അദ്ദേഹത്തിന്റെ ഭാഗത്ത് നിന്നുണ്ടായത്. സാമ്രാജ്യത്വത്തിനെതിരെ ധീരമായ ചെറുത്തുനിൽപുകൾ നടത്തിയ മഹദ് പാരമ്പര്യം മലപ്പുറത്തിനുണ്ട്. ആ പാരമ്പര്യത്തിന് നിരക്കാത്ത നിലപാടുകളാണ് അദ്ദേഹത്തിന്റെ ഭാഗത്ത് നിന്നുണ്ടായിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ അദ്ദേഹം പരാജയപ്പെടുക

**പലപ്പോഴും മുസ്‌ലിം ലീഗ് രാഷ്ട്രീയത്തെ തന്നെ തുരങ്കംവെക്കുന്ന സാമ്രാജ്യത്വ അനുകൂല സമീപനങ്ങളാണ് അഹ്മദിന്റെ ഭാഗത്ത് നിന്നുണ്ടായത്. സാമ്രാജ്യത്വത്തിനെതിരെ ധീരമായ ചെറുത്തു നിൽപുകൾ നടത്തിയ മഹദ് പാരമ്പര്യം മലപ്പുറത്തിനുണ്ട്. ആ പാരമ്പര്യത്തിന് നിരക്കാത്ത നിലപാടുകളാണ് അദ്ദേഹത്തിന്റെ ഭാഗത്ത് നിന്നുണ്ടായിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ അദ്ദേഹം പരാജയപ്പെടുക എന്നത് മുസ്‌ലിം ലീഗ് രാഷ്ട്രീയത്തെ രക്ഷിക്കാൻ അത്യാവശ്യമാണ്.**

എന്നത് മുസ്‌ലിം ലീഗ് രാഷ്ട്രീയത്തെ രക്ഷിക്കാൻ അത്യാവശ്യമാണ്. തീർച്ചയായും മലപ്പുറത്തെ മുസ്‌ലിം ലീഗ് പ്രവർത്തകർ ഇക്കാര്യത്തെക്കുറിച്ച് തികച്ചും ബോധവാന്മാരാണ്. അവർ അവസരത്തിനൊത്ത് പ്രവർത്തിക്കും എന്ന് തന്നെയാണ് ഞങ്ങൾ കരുതുന്നത്.

■ *കേരളത്തിലെ സാമ്രാജ്യത്വ വിരുദ്ധ രാഷ്ട്രീയ മുന്നേറ്റത്തിന്റെ വലിയൊരു രംഗഭൂമിയായാണ് ഇടതുപക്ഷം പൊന്നാനിയെ കാണുന്നത്. ആ അർഥത്തിൽ എല്ലാ സാമ്രാജ്യത്വ വിരുദ്ധരുടെയും പൊതുസ്ഥാനാർഥിയാണ് പൊന്നാനിയിൽ ഇടതുപിന്തുണയിൽ മത്സരിക്കുന്നതെന്നും അവർ പറയുന്നു. പല കാരണങ്ങളാൽ പൊന്നാനിയിലെ മത്സരം ദേശീയ ശ്രദ്ധ നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്. പൊതുവെ ഇടതുപക്ഷത്തോടൊപ്പം നിൽക്കുന്ന ജമാഅത്ത് പൊന്നാനിയിൽ മാറിച്ചവിട്ടുന്നത് എന്തുകൊണ്ടാണ്?*

പൊന്നാനിയിൽ എൽ.ഡി.എഫ് പിന്തുണയിൽ മത്സരിക്കുന്ന ആൾ പൊതുസ്വതന്ത്രനാണ് എന്ന് ജമാഅത്ത് കരുതുന്നില്ല. സാമ്രാജ്യത്വ വിരുദ്ധ രാഷ്ട്രീയത്തെ പ്രതിനിധീകരിക്കാനും അദ്ദേഹത്തിന് കഴിയില്ല. പൊന്നാനിയിലെ ഇടതുപക്ഷത്തിന്റെ സ്ഥാനാർഥിയും നിലപാടും ജമാഅത്തിന് ഒട്ടും ആകർഷകമായി തോന്നുന്നില്ല. അവിടെ പ്രസക്തമായ ഒരു മത്സരം പോലുമില്ല എന്നാണ് ഞങ്ങൾ കരുതുന്നത്. മുസ്‌ലിം സമുദായത്തിനകത്തെ ആഭ്യന്തര ശൈഥില്യങ്ങളെ ചൂഷണം ചെയ്ത് മുതലെടുക്കാനുള്ള തന്ത്രം ഇടതുപക്ഷം പ്രയോഗിക്കുന്നതായി ഞങ്ങൾക്ക് തോന്നുന്നു. അതിന്റെ ഒരു രംഗവേദിയായി പൊന്നാനിയെ അവർ കാണുന്നുവെന്ന തോന്നൽ ശക്തമായുണ്ട്. അത് അനുവദിച്ചുകൊടുക്കാനും ജമാഅത്തിന് കഴിയില്ല. ■